കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

തിരുവനന്തപുരം

## പത്താംതരം തുല്യതാ കോഴ്സ്

(പതിമൂന്നാം ബാച്ച്)

# കോഴ്സ് കലണ്ടർ

# 2019

പൊതുവിദ്യാഭ്യാസ വകുപ്പ്

കേരളസർക്കാർ

# ആമുഖം

കേരളസംസ്ഥാന സാക്ഷരതാമിഷൻ നടത്തിവരുന്ന പത്താംതരം തുല്യതാ കോഴ്സ് ഇന്ന് ഏറെ ജനകീയമായിരിക്കുകയാണ്. പലവിധ കാരണങ്ങളാൽ ഔപചാരിക വിദ്യാഭ്യാസം യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ പോയവർക്ക് സഹായകമാണ് ഈ പഠനപദ്ധതി. സമ്പർക്ക പഠനക്ലാസുകൾ ചിട്ടപ്പെടുത്തി, സമയബന്ധിതമായി, പഠിതാക്കൾക്ക് ഏറ്റവും പ്രയോജനകരമായ രീതിയിൽ കോഴ്സ് സംഘടിപ്പിക്കാനാണ് സാക്ഷരതാമിഷൻ ശ്രമിക്കുന്നത്. അതിന്റെ ഭാഗമായാണ് സമ്പർക്കപഠനദിനങ്ങളുടെ നാൾവഴി, ക്ലാസ്, പരീക്ഷകൾ, മാതൃകാപരീക്ഷകൾ, പൊതുപരീക്ഷ, സ്വയം പഠന പ്രവർത്തനങ്ങൾ എന്നിവയുടെ സമയക്രമം ഉൾപ്പെടുത്തി ഈ കലണ്ടർ പ്രസിദ്ധപ്പെടുത്തുന്നത്. സമ്പർക്കപഠനകേന്ദ്രം കോ-ഓർഡിനേറ്റർ, ജില്ലാ കോഴ്സ് കൺവീനർ, ജില്ലാ കോ-ഓർഡിനേറ്റർ എന്നിവരുടെ ഉത്തരവാദിത്തങ്ങളും ചുമതലകളും ഇതിൽ വ്യക്തമാക്കിയിട്ടുണ്ട്. സംഘാടകരും അധ്യാപകരും പഠിതാക്കളും ഈ കലണ്ടറിലെ സമയക്രമമനുസരിച്ച് കോഴ്സ് പൂർത്തീകരിക്കാൻ സഹകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

തിരുവനന്തപുരം

**ഡോ. പി.എസ്. ശ്രീകല**
ഡയറക്ടർ

# പത്താംതരം തുല്യതാ കോഴ്സ്
## സമ്പർക്കപഠന ക്ലാസ് – സംഘാടനവും പ്രവർത്തനവും

### I. പൊതുനിർദേശങ്ങൾ

1. സർക്കാർ/എയ്ഡഡ് സ്കൂളുകളാണ് പഠനകേന്ദ്രങ്ങളായി തെരഞ്ഞെടുക്കേണ്ടത്.
2. ഒരു ബാച്ചിൽ 75 പഠിതാക്കൾ എന്ന രീതിയിലായിരിക്കണം ക്ലാസുകൾ ക്രമീകരിക്കേണ്ടത്. എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട പഠിതാക്കൾക്ക് പഠന കേന്ദ്രത്തിലെത്താൻ പ്രായോഗിക വിഷമമുണ്ടെങ്കിൽ അവർക്കായി ചുരുങ്ങിയത് 30 പഠിതാക്കളെങ്കിലുമുണ്ടെങ്കിൽ ഒരു കേന്ദ്രം അനുവദിക്കാവുന്നതാണ്.
3. പഠിതാക്കളുടെ സൗകര്യാർഥം എല്ലാ ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധിദിവസങ്ങളിലുമാണ് ക്ലാസുകൾ നടത്തേണ്ടത്.
4. കോഴ്സ് കലണ്ടർ പ്രകാരം ടൈംടേബിൾ തയാറാക്കി പഠിതാക്കൾക്ക് നൽകുകയും അതനുസരിച്ച് ക്ലാസുകൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും വേണം. ക്ലാസുകളുടെ പ്രവർത്തനസമയം പകൽ 10 മുതൽ 5 വരെയായിരിക്കണം.
5. സ്വയംപഠനം, സമ്പർക്കപഠനം എന്നീ രണ്ടു രീതികളും ഉൾക്കൊള്ളുന്നതാണ് തുല്യതാപഠനം.

   ഓരോ വിഷയത്തിനും സമ്പർക്കപഠന മണിക്കൂറുകൾ താഴെപ്പറയുന്ന രീതിയിലാണ് അനുവദിച്ചിട്ടുള്ളത്.

| | | | | | |
|---|---|---|---|---|---|
| മലയാളം | - | 25 മണിക്കൂർ | ബയോളജി | - | 11 മണിക്കൂർ |
| ഇംഗ്ലീഷ് | - | 30 മണിക്കൂർ | സാമൂഹ്യശാസ്ത്രം | - | 30 മണിക്കൂർ |
| ഹിന്ദി | - | 20 മണിക്കൂർ | ഗണിതം | - | 30 മണിക്കൂർ |
| ഫിസിക്സ് | - | 12 മണിക്കൂർ | ഐ.സി.ടി. | - | 15 മണിക്കൂർ |
| കെമിസ്ട്രി | - | 12 മണിക്കൂർ | | | |
| | | | *ആകെ* | - | *185 മണിക്കൂർ* |

   സ്വയംപഠന പ്രവർത്തനങ്ങൾ, പ്രയോജനപ്പെടുത്തേണ്ടുന്ന സമയം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അതത് വിഷയത്തിന്റെ ഹാൻഡ്ബുക്കിൽ നൽകിയിട്ടുണ്ട്.

6. പഠിതാക്കളുടെ പ്രവർത്തനരേഖകൾ, രജിസ്റ്റർ എന്നിവ സെന്റർ കോ-ഓർഡിനേറ്റർ സൂക്ഷിക്കണം.

7. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സ്കൂൾ പി.ടി.എ.യുടെയും സഹകരണത്തോടെ സ്കൂളിലെ ഭൗതിക സൗകര്യങ്ങൾ പഠിതാക്കൾക്ക് ലഭ്യമാക്കണം.

(ലബോറട്ടറി, ലൈബ്രറി, കംപ്യൂട്ടർലാബ്, ചാർട്ടുകൾ, മാപ്പുകൾ എന്നിവ)

8. സംസ്ഥാന ഓഫീസിൽനിന്ന് നൽകിയിട്ടുള്ള പ്രൊഫോർമ പൂരിപ്പിച്ച് ജില്ലാ കോ-ഓർഡിനേറ്റർമാരുടെ ശുപാർശ സഹിതം സംസ്ഥാന ഓഫീസിൽ ലഭ്യമാക്കുന്ന മുറയ്ക്ക് അധ്യാപകരുടെയും അനധ്യാപകരുടെയും ഓണറേറിയം അനുവദിക്കുന്നതാണ്. ഓരോ 3 മാസം പൂർത്തിയാകുമ്പോഴും ഓണറേറിയം ആവശ്യപ്പെടാവുന്നതാണ്.

9. ഒന്നിൽ കൂടുതൽ ബാച്ചുകൾ ഉണ്ടെങ്കിൽ പ്രസ്തുത ബാച്ചുകളുടെ ഓണറേറിയം സ്റ്റേറ്റ്മെന്റുകൾ പ്രത്യേകം പ്രത്യേകം തയാറാക്കി സമർപ്പിക്കേണ്ടതാണ്.

10. ഏകീകൃത സ്വഭാവത്തോടുകൂടി മാതൃകാപരീക്ഷ നടത്തുന്നതാണ്. ഇതിനാവശ്യമായ ചോദ്യപേപ്പർ സംസ്ഥാന സാക്ഷരതാമിഷൻ നൽകും. ഉത്തരങ്ങൾ പരിശോധിച്ച് മാർക്ക് ഒരാഴ്ചയ്ക്കകം സെന്റർ കോ-ഓർഡിനേറ്റർ ജില്ലാ ഓഫീസിൽ എത്തിക്കണം.

11. **പന്ത്രണ്ടാം ബാച്ചിൽ (2017-18) രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാതിരുന്ന പഠിതാക്കൾക്ക് ക്ലാസിൽ പങ്കെടുക്കുന്നതിന് ജില്ലാ കോ-ഓർഡിനേറ്റർ സാക്ഷ്യപത്രം നൽകേണ്ടതാണ്.**

12. എല്ലാ ജില്ലകളിലും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ഡയറ്റ് പ്രതിനിധി എന്നിവരെ പങ്കെടുപ്പിച്ച് പഠനകേന്ദ്രം സ്ഥിതി ചെയ്യുന്ന സ്കൂളിന്റെ ഹെഡ്മാസ്റ്റർ, പി.ടി.എ. പ്രസിഡന്റ് എന്നിവരുടെ യോഗം വിളിച്ചുചേർത്ത് ക്ലാസ് സുഗമമായി നടത്തുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ ചെയ്യേണ്ടതാണ്.

13. സമ്പർക്കപഠനകേന്ദ്രത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് നേതൃത്വം നൽകാൻ ഓരോ കേന്ദ്രത്തിനും സെന്റർ കോ-ഓർഡിനേറ്ററെയും ഓരോ ജില്ലയിലെ പഠനകേന്ദ്രങ്ങളുടെ അക്കാദമിക മേൽനോട്ടത്തിന് കോഴ്സ് കൺവീനറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അധ്യാപനപരിചയവും ബി.എഡ് യോഗ്യതയുമുള്ളവരായിരിക്കണം കോഴ്സ് കൺവീനർമാർ. 20 കേന്ദ്രങ്ങളിൽ കൂടുതലുള്ള ജില്ലകളിൽ അക്കാദമിക് മേൽനോട്ടത്തിന് രണ്ട് കോഴ്സ് കൺവീനർമാർ ഉണ്ടായിരിക്കുന്നതാണ്.

14. അധ്യാപകരുടെ പഠന-ബോധന പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മൂന്ന് മാസത്തിലൊരിക്കൽ അധ്യാപകസംഗമം വിഷയാടിസ്ഥാനത്തിൽ സംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത യോഗം ഡയറ്റ് പ്രതിനിധികളുടെ നേതൃത്വത്തിലായിരിക്കണം.
15. ഡയറ്റിന്റെ ഫണ്ട് ഉപയോഗിച്ച് തുല്യത (4,7,10) അധ്യാപക പരിശീലനം നടത്താവുന്നതാണ്.

## II. പൊതുപരീക്ഷ - ഗ്രേഡിങ് സമ്പ്രദായം

പത്താംതരം തുല്യതാ കോഴ്സിന്റെ ആറാം ബാച്ച് (2011-12) മുതൽ ഗ്രേഡിങ് സമ്പ്രദായത്തിലാണ് പരീക്ഷ നടത്തുന്നത്.

**04-06-2012ലെ സ.ഉ. (സാധാ) 2559/2012/പൊ.വി. നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് പൊതുപരീക്ഷയ്ക്കുവേണ്ട ഹാജർ, നിർദിഷ്ട വിഷയങ്ങളുടെ സ്കോറുകൾ, സമയം, ഗ്രേഡ് ഇവ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.**

1. പഠിതാവിന്റെ സവിശേഷതകൾ, ബുദ്ധിവൈഭവം, ഗ്രഹണശേഷി, മനോഭാവം, താത്പര്യം, സർഗശേഷി ഇവയൊക്കെ വിലയിരുത്താൻ സാധ്യമാകുന്ന സമഗ്രവും നിരന്തരവുമായ വിലയിരുത്തൽ രീതിയാണ് തുല്യതാപാഠ്യ പദ്ധതിയിൽ സ്വീകരിച്ചിരിക്കുന്നത്. സർഗാത്മക രചനകൾ, അന്വേഷണാത്മക പ്രവർത്തനങ്ങൾ, സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ നടക്കുന്ന സാമൂഹ്യ ഇടപെടൽ പ്രവർത്തനങ്ങൾ, സൃഷ്ടിപരമായ പ്രവർത്തനങ്ങൾ, സെമിനാർ, സംവാദം, പ്രോജക്ട്, അസൈൻമെന്റ്, പ്രാക്ടിക്കൽ തുടങ്ങിയ പഠന പ്രവർത്തനങ്ങളായിരിക്കും നിരന്തരവിലയിരുത്തലിന് വിധേയമാകുന്നത്.

2. **ഹാജർ**

നിരന്തരമൂല്യനിർണയത്തിന് ഹാജരിന്റെ സ്കോർ ചുവടെ കൊടുത്തിരിക്കുന്ന ഹാജർ നിലയുടെ രീതിയിൽ പരിഗണിക്കുന്നതാണ്.

**60 സ്കോർ എഴുത്തുപരീക്ഷ നടത്തുന്ന വിഷയങ്ങളിൽ (മാതൃഭാഷ, ഇംഗ്ലീഷ്, സാമൂഹ്യശാസ്ത്രം, ഗണിതം)**

70ശതമാനത്തിനുമുകളിൽ - 4 സ്കോർ

20% - 69% വരെ - 2 സ്കോർ

20ശതമാനത്തിനുതാഴെ ഹാജരുള്ളവർക്ക് സ്കോർ നല്കേണ്ടതില്ല.

**40 സ്കോറിനും 30 സ്കോറിനും എഴുത്തുപരീക്ഷ നടത്തുന്ന വിഷയങ്ങളിൽ (ഹിന്ദി, ഊർജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഐ.സി.ടി.)**

70ശതമാനത്തിനുമുകളിൽ - 2 സ്കോർ

20% - 69 വരെ - 1 സ്കോർ

20ശതമാനത്തിനുതാഴെ ഹാജരുള്ളവർക്ക് സ്കോർ നല്കേണ്ടതില്ല.

3. a) നിർദിഷ്ട വിഷയങ്ങളും അവയ്ക്ക് നൽകുന്ന സ്കോറുകളും

| വിഷയം | എഴുത്തു പരീക്ഷ | നിരന്തര വിലയിരുത്തൽ | ആകെ |
|---|---|---|---|
| മാതൃഭാഷ | 60 | 20 | 80 |
| ഇംഗ്ലീഷ് | 60 | 20 | 80 |
| ഹിന്ദി | 40 | 10 | 50 |
| സാമൂഹ്യശാസ്ത്രം | 60 | 20 | 80 |
| ഊർജതന്ത്രം | 30 | 10 | 40 |
| രസതന്ത്രം | 30 | 10 | 40 |
| ജീവശാസ്ത്രം | 30 | 10 | 40 |
| ഗണിതം | 60 | 20 | 80 |
| ഐ.സി.ടി. | 30 | 10 | 40 |

b) പൊതുപരീക്ഷയുടെ സ്കോറും സമയവും

| വിഷയം | സ്കോർ | മിനിമം ലഭിക്കേണ്ട മാർക്ക് | സമയം |
|---|---|---|---|
| മാതൃഭാഷ | 60 | 15 | $2\frac{1}{2}$ മണിക്കൂർ |
| ഇംഗ്ലീഷ് | 60 | 15 | $2\frac{1}{2}$ മണിക്കൂർ |
| ഹിന്ദി | 40 | 10 | 2 മണിക്കൂർ |
| സാമൂഹ്യശാസ്ത്രം | 60 | 15 | $2\frac{1}{2}$ മണിക്കൂർ |
| ഊർജതന്ത്രം | 30 | 8 | $1\frac{1}{2}$ മണിക്കൂർ |
| രസതന്ത്രം | 30 | 8 | $1\frac{1}{2}$ മണിക്കൂർ |
| ജീവശാസ്ത്രം | 30 | 8 | $1\frac{1}{2}$ മണിക്കൂർ |
| ഗണിതം | 60 | 15 | $2\frac{1}{2}$ മണിക്കൂർ |
| ഐ.സി.ടി. | 30 | 8 | $1\frac{1}{2}$ മണിക്കൂർ |

4. പൊതുപരീക്ഷയിൽ ലഭിക്കുന്ന സ്കോറും നിരന്തരമൂല്യനിർണയത്തിലൂടെ ലഭിക്കുന്ന സ്കോറും കൂട്ടിയാണ് ഗ്രേഡ് കണക്കാക്കുക. സർട്ടിഫിക്കറ്റിൽ എല്ലാ വിഷയങ്ങൾക്കും ഗ്രേഡ് രേഖപ്പെടുത്തുന്നതായിരിക്കും.

5. 9 പോയിന്റ് സ്കെയിലാണ് ഗ്രേഡിങ്ങിന് ഉപയോഗിച്ചിട്ടുള്ളത്.

6.

| ഗ്രേഡ് | മാർക്ക് ശതമാനത്തിൽ |
|---|---|
| $A^+$ | 90-100 |
| A | 80-89 |
| $B^+$ | 70-79 |
| B | 60-69 |
| $C^+$ | 50-59 |
| C | 40-49 |
| $D^+$ | 30-39 |
| D | 20-29 |
| E | 20-ൽ താഴെ |

7. എല്ലാ വിഷയങ്ങളിലും $D^+$ /അതിനുമുകളിലോ ഗ്രേഡ് ലഭിക്കുന്നയാൾക്ക് പത്താംതരം തുല്യതാ സർട്ടിഫിക്കറ്റ് ലഭിക്കും. D, E എന്നീ ഗ്രേഡ് ലഭിക്കുന്നവർക്ക് അതത് വിഷയങ്ങൾ വീണ്ടും എഴുതി മെച്ചപ്പെടുത്താവുന്നതാണ്.

8. **ജില്ലാതല പരീക്ഷാസമിതി**

ഗ്രേഡിങ് രീതിയിലുള്ള പരീക്ഷാ സമ്പ്രദായമനുസരിച്ച് ജില്ലാതല/ബ്ലോക്ക്തല പരീക്ഷാസമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഡയറ്റ് പ്രിൻസിപ്പൽ ചെയർമാനും ഡയറ്റിലെ രണ്ട് ഡി.ആർ.യു ഫാക്കൽറ്റി അംഗങ്ങൾ, ജില്ലാ കോഴ്സ് കൺവീനർ, വിദഗ്ധരായ 2 അധ്യാപകർ, സാക്ഷരതാമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ (കൺവീനർ) എന്നിവർ ജില്ലാതല പരീക്ഷാസമിതിയിൽ അംഗങ്ങളായിരിക്കും.

9. **ബ്ലോക്ക്തല പരീക്ഷാസമിതി**

പ്രധാനാധ്യാപകർ, കോഴ്സ് കൺവീനർ, ഡയറ്റ് പ്രതിനിധികൾ, എ.പി.സി, നിയോഗിക്കപ്പെട്ട ഒരധ്യാപകൻ എന്നിവരടങ്ങുന്നതാണ് ബ്ലോക്ക്തല പരീക്ഷാ സമിതി.

## III. സെന്റർ കോ-ഓർഡിനേറ്ററുടെ ചുമതലകൾ

1. പഠനകേന്ദ്രങ്ങളിലെ സെന്റർ കോ-ഓർഡിനേറ്റർ വിദ്യാകേന്ദ്രം പ്രേരകായിരിക്കണം.
2. ക്ലാസുകളുടെ നടത്തിപ്പിന്റെ മുഴുവൻ ചുമതലയും സെന്റർ കോ-ഓർഡിനേറ്റർക്കാണ്.
3. **സെന്റർ കോ-ഓർഡിനേറ്റർ ഒരു കാരണവശാലും സമ്പർക്കപഠന ക്ലാസുകൾ നയിക്കുന്ന അധ്യാപകരാകാൻ പാടില്ല.**
4. പഠനക്ലാസുകൾ നടക്കുന്ന ദിവസങ്ങളിൽ സെന്റർ കോ-ഓർഡിനേറ്റർ പൂർണമായും സെന്ററിൽ ഉണ്ടായിരിക്കണം.
5. പഠനകേന്ദ്രങ്ങളിലെ ഹാജർ പുസ്തകം, അധ്യാപക പ്രവൃത്തിദിന രജിസ്റ്റർ, സന്ദർശക ഡയറി, മാർക്ക് രജിസ്റ്റർ, മറ്റ് റെക്കോഡുകൾ എന്നിവ സൂക്ഷിക്കേണ്ടത് സെന്റർ കോ-ഓർഡിനേറ്ററാണ്. അധ്യാപക രജിസ്റ്ററുകളിൽ ഓരോ ദിവസത്തെയും പ്രവർത്തനങ്ങൾ അന്നന്നുതന്നെ രേഖപ്പെടുത്തേണ്ടതാണ്. കോഴ്സ് കഴിഞ്ഞാൽ സന്ദർശകഡയറി ഒഴികെ മറ്റ് രേഖകൾ ജില്ലാ സാക്ഷരതാമിഷന് കൈമാറേണ്ടതാണ്.
6. പഠനകേന്ദ്രം സന്ദർശിക്കുന്നവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിന് സന്ദർശകഡയറി കേന്ദ്രത്തിൽത്തന്നെ സൂക്ഷിക്കേണ്ടതാണ്.
7. ജില്ലാ കോ-ഓർഡിനേറ്റർ/കോഴ്സ് കൺവീനർ വിളിച്ചുചേർക്കുന്ന അവലോകനയോഗങ്ങളിൽ സെന്റർ കോ-ഓർഡിനേറ്റർ കൃത്യമായി പങ്കെടുക്കേണ്ടതും കേന്ദ്രത്തിലെ പ്രവർത്തനറിപ്പോർട്ട് രേഖാമൂലം സമർപ്പിക്കേണ്ടതുമാണ്.
8. ഓരോ മാസത്തെയും ക്ലാസുകൾ കഴിയുമ്പോൾ ആ മാസം പൂർത്തിയാകേണ്ട പാഠഭാഗങ്ങൾ കൃത്യമായി പൂർത്തിയാക്കിയെന്ന് സെന്റർ കോ-ഓർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതും ജില്ലാ കോഴ്സ് കൺവീനർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
9. ഒരു പഠനകേന്ദ്രത്തിൽ പങ്കെടുക്കേണ്ട പഠിതാക്കളെല്ലാം തുടർച്ചയായി ക്ലാസുകളിൽ എത്തുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. പഠിതാക്കളുടെ ഹാജരിന് പ്രത്യേക സ്കോർ നൽകുന്നതിനാൽ ക്ലാസുകളിൽ ഹാജരാകാത്തവരെയും ഇടവിട്ട് മാത്രം വരുന്നവരെയും നേരിൽ സന്ദർശിച്ച് നിർബന്ധമായും ക്ലാസുകളിൽ എത്തിക്കേണ്ടതാണ്.
10. നിരന്തരമൂല്യനിർണയവുമായി ബന്ധപ്പെട്ട രേഖകൾ സമ്പർക്കപഠനകേന്ദ്രങ്ങളിലോ വിദ്യാകേന്ദ്രങ്ങളിലോ സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ടവർ ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.
11. അധ്യാപകരുടെയും അനധ്യാപകരുടെയും ഓണറേറിയം സംബന്ധിച്ച രേഖകൾ യഥാസമയം സമർപ്പിക്കേണ്ട ഉത്തരവാദിത്തം സെന്റർ കോ-ഓർഡിനേറ്റർക്കാണ്.

12. ക്ലാസുകൾ മുടക്കംകൂടാതെ നടക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ ക്ലാസിന് അവധി നൽകുകയാണെങ്കിൽ ആ വിവരം കോഴ്സ് കൺവീനറെയും ജില്ലാ കോ-ഓർഡിനെറ്ററെയും മുൻകൂട്ടി അറിയിക്കേണ്ടതാണ്.
13. ക്ലാസ് പരീക്ഷകൾ, മോഡൽ പരീക്ഷകൾ, കോഴ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട് സാക്ഷരതാമിഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദേശങ്ങൾ തുടങ്ങിയവ പഠിതാക്കളെയും അധ്യാപകരെയും യഥാസമയം അറിയിക്കേണ്ടതാണ്.
14. പൊതുപരീക്ഷയ്ക്ക് അപേക്ഷിക്കേണ്ട വിധം, സമർപ്പിക്കേണ്ട രേഖകൾ തുടങ്ങിയവ സംബന്ധിച്ച് പഠിതാക്കൾക്ക് യഥാസമയം നിർദേശങ്ങൾ നൽകേണ്ടതാണ്.
15. പഠനകേന്ദ്രങ്ങളിൽനിന്ന് നിരന്തരമൂല്യനിർണയത്തിന്റെ സ്കോർ ഷീറ്റുകൾ യഥാസമയം തയാറാക്കി ജില്ലാ കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കണം.
16. പതിനൊന്നാം ബാച്ചിൽ (2016-17) രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാതിരുന്ന പഠിതാക്കൾക്ക് ജില്ലാ കോ-ഓർഡിനേറ്റർ നൽകുന്ന സാക്ഷ്യപത്രം ഉണ്ടെങ്കിൽ മാത്രമേ ഈ ബാച്ചിലെ ക്ലാസുകളിൽ പങ്കെടുക്കുന്നതിനുള്ള അനുമതി നൽകേണ്ടതുള്ളൂ.

## IV. കോഴ്സ് കൺവീനർമാരുടെ ഉത്തരവാദിത്തങ്ങൾ

1. ജില്ലയിലെ മുഴുവൻ സമ്പർക്കപഠന കേന്ദ്രങ്ങളുടെ സംഘാടക-അക്കാദമിക പ്രവർത്തനങ്ങളുടെ ഏകോപനവും മേൽനോട്ടവും കോഴ്സ് കൺവീനർക്കാണ്.
2. കോഴ്സ് കൺവീനർ ജില്ല/ബ്ലോക്ക്തല പരീക്ഷാസമിതി അംഗമായിരിക്കും. നിരന്തരമൂല്യനിർണയവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ടതാണ്.
3. **കോഴ്സ് കൺവീനർ ഒരു കാരണവശാലും സമ്പർക്കപഠന ക്ലാസുകൾ നയിക്കുന്ന അധ്യാപകരാകാൻ പാടില്ല.**
4. രണ്ട് മാസത്തിലൊരിക്കലെങ്കിലും ജില്ലയിലെ ഓരോ പഠനകേന്ദ്രവും സന്ദർശിച്ച് പഠനപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതുമാണ്.
5. പഠനകേന്ദ്രത്തിലെ അധ്യാപകരുടെ കാര്യശേഷി വിലയിരുത്തുകയും പഠിതാക്കളുടെ അഭിപ്രായങ്ങൾ ആരായുകയും പഠനപ്രക്രിയ ഫലപ്രദമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
6. ജില്ലാ കോ-ഓർഡിനേറ്ററുമായി ആലോചിച്ച് സെന്റർ കോ-ഓർഡിനേറ്റർമാരുടെ അവലോകന യോഗങ്ങൾ രണ്ട് മാസത്തിലൊരിക്കൽ വിളിച്ചുചേർത്ത് പഠനപുരോഗതി വിലയിരുത്തേണ്ടതും വിശദമായ റിപ്പോർട്ട് സംസ്ഥാന ഓഫീസിൽ അയച്ചുതരേണ്ടതുമാണ്.

7. പഠനകേന്ദ്രങ്ങളിലെ ക്ലാസുകൾ കോഴ്സ് കലണ്ടർ അനുസരിച്ചാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്തണം.
8. അധ്യാപക/അനധ്യാപകരുടെ ഓണറേറിയം സ്റ്റേറ്റ്മെന്റുകൾ യഥാസമയം അയക്കുന്നു എന്ന് ഉറപ്പുവരുത്തുകയും അവ സാക്ഷ്യപ്പെടുത്തുകയും വേണം.
9. പഠനകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും നിർദേശങ്ങൾ ജില്ലാ-സംസ്ഥാന സാക്ഷരതാമിഷനുകൾക്ക് സമർപ്പിക്കുകയും വേണം.
10. മൂന്ന് മാസത്തിലൊരിക്കൽ വിഷയാടിസ്ഥാനത്തിൽ അധ്യാപകസംഗമം സംഘടിപ്പിച്ച് ബോധനപ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും പഠനപ്രവർത്തനങ്ങൾ ഏകീകരിക്കുകയും വേണം.
11. സെന്റർ കോ-ഓർഡിനേറ്റർമാർ ജില്ലാ ഓഫീസിൽ സമർപ്പിക്കുന്ന എല്ലാ രേഖകളും കോഴ്സ് കൺവീനർ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

## V. സമ്പർക്കപഠന ക്ലാസിലെ അധ്യാപകർ

1. സമ്പർക്കപഠനക്ലാസിലെ അധ്യാപകന്റെ അടിസ്ഥാനയോഗ്യത ബന്ധപ്പെട്ട വിഷയത്തിലെ ബി.എഡ്. ആണ്.
2. ഔപചാരിക വിദ്യാഭ്യാസരീതിയിൽനിന്ന് തികച്ചും വ്യത്യസ്തമാണ് സമ്പർക്ക പഠന ക്ലാസിലെ പഠനപ്രക്രിയയും കോഴ്സിന്റെ സ്വഭാവവും സമയക്രമവും. സമ്പർക്കപഠനക്ലാസുമായി ബന്ധപ്പെട്ട് സാക്ഷരതാമിഷൻ നടത്തുന്ന പരിശീലനം നേടിയവരാകണം അധ്യാപകർ. ഓരോ പാഠത്തിനും ആവശ്യമായ മുന്നൊരുക്കവും അധ്യാപനക്കുറിപ്പും അതത് അധ്യാപകർ തയാറാക്കിയിരിക്കണം.
3. ഓരോ മാസവും പഠിപ്പിച്ച പാഠഭാഗത്തെ അടിസ്ഥാനമാക്കി ക്ലാസ്തല മൂല്യനിർണയം നടത്തേണ്ടതാണ്. ആവശ്യമായ ചോദ്യങ്ങൾ അധ്യാപകർ തന്നെ തയാറാക്കണം. നിരന്തരമൂല്യനിർണയം യഥാസമയം നടത്തി മാർക്കുകൾ രേഖപ്പെടുത്തേണ്ടതാണ്.
4. അധ്യാപകർ പഠിതാക്കളുടെ പഠനതാൽപ്പര്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമുള്ള മാനോഭാവം ഉള്ളവരായിരിക്കണം.
5. പ്രതിഫലത്തിനപ്പുറം പഠിതാക്കളോട് പ്രതിബദ്ധതയുള്ളവരാകണം അധ്യാപകർ.

## VI. ജില്ലാ കോ-ഓർഡിനേറ്റർ

സംസ്ഥാന സാക്ഷരാമിഷന്റെ നിർദേശങ്ങൾക്കനുസരിച്ച് കോഴ്സുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കേണ്ട ഉത്തരവാദിത്തം ജില്ലാ കോ-ഓർഡിനേറ്റർക്കാണ്.

## VII. സമ്പർക്കപഠന ക്ലാസുകൾ

സമ്പർക്കപഠന ക്ലാസുകൾ ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലുമാണ് നടത്തേണ്ടത്. 2019ൽ സമ്പർക്കപഠന ക്ലാസുകൾക്ക് ലഭിക്കാവുന്ന ദിവസങ്ങൾ താഴെ ചേർത്തിരിക്കുന്നു. ചില പൊതു അവധി ദിവസങ്ങൾ മാത്രമേ ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. പ്രവർത്തന സൗകര്യമനുസരിച്ച് മറ്റ് ഒഴിവു ദിവസങ്ങളിലും ആവശ്യമെങ്കിൽ ക്ലാസുകൾ സംഘടിപ്പിക്കാം. രണ്ടാം ശനിയാഴ്ചകൾ ഓരോ മാസത്തെയും പ്രവർത്തനങ്ങൾ മൂല്യനിർണയം ചെയ്യാൻ ഉപയോഗിക്കാം.

| മാസം | തീയതികൾ |
|---|---|
| 2019 ജനുവരി | 6, 12, 13, 20, 26, 27 |
| ഫെബ്രുവരി | 3, 9, 10, 17, 24 |
| മാർച്ച് | 3, 9, 10, 17, 24, 31 |
| ഏപ്രിൽ | 7, 13, 14, 21, 28 |
| മെയ് | 5, 11, 12, 19, 26 |
| ജൂൺ | 2, 8, 9, 16, 23, 30 |
| ജൂലൈ | 7, 13, 14, 21, 28 |
| ആഗസ്റ്റ് | 4, 10, 11, 1, 25 |
| സെപ്തംബർ | 1, 7, 8, 15, 22, 29 |
| ഒക്ടോബർ | 6, 12, 13, 20, 27/മാതൃകാപരീക്ഷ |
| നവംബർ | പൊതുപരീക്ഷ |

*പഠിതാക്കൾ, സെന്റർ കോ-ഓർഡിനേറ്റർമാർ, അധ്യാപകർ, കോഴ്സ് കൺവീനർമാർ, ജില്ലാ കോ-ഓർഡിനേറ്റർമാർ, വിദ്യാഭ്യാസ മേലധികാരികൾ, തദ്ദേശസ്വയംഭരണ സാരഥികൾ തുടങ്ങിയവരുമായുള്ള നല്ല ബന്ധം കോഴ്സിനെ വിജയകരമാക്കും.*

# പത്താംതരം തുല്യതാ കോഴ്സ് കലണ്ടർ 2019

| 2019 | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് |
|---|---|---|---|---|---|
| മലയാളം | ബ്രിഡ്ജ് കോഴ്സ് | എന്റെ മലയാളം<br>സീതാസ്വയംവരം<br>വെങ്കലമലയാളം<br>പണ്ടത്തെ പാട്ടുകൾ | നിത്യസുരഭിയാംഭൂമി<br>മഞ്ഞുകാലം<br>ഭൂമിയുടെ അവകാശികൾ<br>വീണപൂവ് | എന്റെ മലയാളം<br>സീതാസ്വയംവരം<br>വെങ്കലമലയാളം<br>പണ്ടത്തെ പാട്ടുകൾ | സ്നേഹത്തിന്റെ<br>നിറഭേദങ്ങൾ<br>ഇന്ത്യയിലേക്ക് മടക്കം<br>കടൽത്തീരത്ത് |
| ഇംഗ്ലീഷ് | | **The Buyers**<br>The Diamond Necklace<br>Jimmy Jet and His TV Set | B.M.P.<br>**The Green Earth**<br>The Girl who Silenced the World for five Minutes | Felling of the Banyan Tree Thenvarikka | **The Sidelined**<br>The Shroud<br>Nothing to Eat |
| ഹിന്ദി | | मेरी माँ<br>वाणी<br>मेरे सपनों का भारत | चमत्कार<br>सिर्फ़ धरेलू औरत<br>रज़िया | धरनी कितना देनी हैं। | एक पेड़ का निवेदन |
| സാമൂഹ്യശാസ്ത്രം | | 1. മനുഷ്യനും ഉപകരണങ്ങളും<br>2. മാറുന്ന ലോകം | 3. കല, ഭാഷ, ദർശനം- ഉത്ഭവവും വളർച്ചയും | 4. ഇന്ത്യ ഇന്നലെ- ഇന്ന് | 5. കേരളം - പഴമയും പുതുമയും |
| | | 1. ഭൂപടപഠനം<br>2. സമയമേഖല | 3. നമ്മുടെ അന്തരീക്ഷം | 4. ഇന്ത്യ - ഭൗതികഭൂമി ശാസ്ത്രം | 5. ഇന്ത്യ - സാമ്പത്തിക ഭൂമിശാസ്ത്രം |

# പത്താംതരം തുല്യതാ കോഴ്സ് കലണ്ടർ 2019

| 2019 | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് |
|---|---|---|---|---|---|
| രസതന്ത്രം | | 1. ജലം ഒരു സമ്പത്ത്<br>2. ആറ്റം ഘടന, ആവർത്തനപ്പട്ടിക | 2. ആറ്റം ഘടന, ആവർത്തനപ്പട്ടിക (തുടർച്ച) | 3. മാറ്റങ്ങൾ | 4. ആസിഡ്, ബേസ് നിർവീകരണം |
| ഊർജതന്ത്രം | | 1. ചലനം | 2. പ്രകാശം | 3. വൈദ്യുതി | 4. വൈദ്യുത കാന്തിക പ്രവാഹം |
| ജീവശാസ്ത്രം | | 1. കൃഷിയും ജീവിതവും<br>2. ജൈവവൈവിധ്യവും വർഗീകരണവും | 3. വളരാനും ആഹാരം നേടാനും | 3. വളരാനും ആഹാരം നേടാനും | 4. ശ്വസനം, സംവഹനം, വിസർജനം |
| ഗണിതം | | 1. സമാന്തരശ്രേണികൾ<br>2. രേഖീയസംഖ്യകൾ | 3. വൃത്തങ്ങൾ | 4. മട്ടത്രികോണങ്ങൾ | 4. മട്ടത്രികോണങ്ങൾ<br>5. k a h h ml y § Ä |
| ഐ.സി.ടി. | | 1. കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും | 2. കംപ്യൂട്ടറും സ്വതന്ത്ര സോഫ്ട്വെയറുകളും | 3. കംപ്യൂട്ടറിൽ മലയാളം | 4. കംപ്യൂട്ടർ പ്രവർത്തിപ്പിക്കാം |
| റിമാർക്കസ് | പ്രവേശനോത്സവം | ജില്ലാ കോ-ഓർഡിനേറ്റർമാരുടെ യോഗം | സെന്റർ കോ-ഓർഡിനേറ്റർമാരുടെ യോഗം | മിഡ്ടേം പരീക്ഷ സെന്റർ കോ-ഓർഡിനേറ്റർമാരുടെ സംസ്ഥാനതല അവലോകനയോഗം, റിപ്പോർട്ട് സമർപ്പിക്കൽ | ക്ലാസ് ടെസ്റ്റ് |

# പത്താംതരം തുല്യതാ കോഴ്സ് കലണ്ടർ 2019

| 2019 | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ |
|---|---|---|---|---|---|---|
| മലയാളം | ഉപ്പ്<br>നമ്മൾ രചിപ്പൂ ലോകത്ത്<br>കുട നന്നാക്കാനുണ്ടോ? | നെല്ലുകുത്തുകാരി പാറുവിന്റെ കഥ | വ്യാഴവട്ട സ്മരണകൾ<br>തുടികൊട്ട് | ഇരുട്ടിന്റെ ആത്മാവ്<br>ധിക്കാരസാഹസം | ആവർത്തനം<br>മാതൃകാപരീക്ഷ | പൊതുപരീക്ഷ |
| ഇംഗ്ലീഷ് | A day with old sweethearts<br>Life - Rejuvenated | **The Realisations**<br>The Selfish Giant | No Men are Foreign | **The Realisations**<br>The Man in the Train | ആവർത്തനം<br>മാതൃകാപരീക്ഷ | പൊതുപരീക്ഷ |
| ഹിന്ദി | ज़हर धोल रहे हैं नदी में | इंस्पेक्टर मातादीन चाँद पर | सज़ मुझे मंजूर नहीं | धोड़ दो समंदर पार | ആവർത്തനം<br>മാതൃകാപരീക്ഷ | പൊതുപരീക്ഷ |
| സാമൂഹ്യശാസ്ത്രം | 6. വ്യക്തി - കുടുംബം - സമൂഹം - ദേശം | 7. ജനങ്ങൾക്കുവേണ്ടി ജനങ്ങൾ | 8. ജനങ്ങൾ, ഭരണഘടന, അവകാശങ്ങൾ | 9. അന്താരാഷ്ട്ര സംഘടനകളും സഖ്യങ്ങളും | ആവർത്തനം<br>മാതൃകാപരീക്ഷ | പൊതുപരീക്ഷ |
| | 6. സാമ്പത്തിക വളർച്ച - വികസനം | 7. ഇന്ത്യ സമ്പദ്‌വ്യവസ്ഥ - വിവിധ മേഖലകൾ | 8. സമ്പദ്‌വ്യവസ്ഥയും സർക്കാരും | 9. ആഗോളവൽക്കരണം | ആവർത്തനം<br>മാതൃകാപരീക്ഷ | പൊതുപരീക്ഷ |

| 2019 | ജൂൺ | ജൂലൈ | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ |
|---|---|---|---|---|---|---|
| രസതന്ത്രം | 5. കാർബണിക രസതന്ത്രം | 6. ലോഹപൂരിതമീ ലോകം | 7. അലോഹങ്ങൾ | 8. രസതന്ത്രം - നമ്മുടെ ജീവിതം, ഭാവി | ആവർത്തനം മാതൃകാപരീക്ഷ | പൊതുപരീക്ഷ |
| ഊർജതന്ത്രം | 5. ശബ്ദം | 6. ഇലക്ട്രോണിക്സ് | 7. നമ്മുടെ പ്രപഞ്ചം | 8. ഊർജസ്രോതസ്സുകൾ | ആവർത്തനം മാതൃകാപരീക്ഷ | പൊതുപരീക്ഷ |
| ജീവശാസ്ത്രം | 4. ശ്വസനം, സംവഹനം, വിസർജനം (തുടർച്ച) | 5. അറിയാൻ, ആസ്വദിക്കാൻ, അറിഞ്ഞ് പ്രവർത്തിക്കാൻ | 6. സുസ്ഥിര ജീവനം | 7. ജീവന്റെ ആവിർഭാവവും തുടർച്ചയും മാറ്റങ്ങളും | ആവർത്തനം മാതൃകാപരീക്ഷ | പൊതുപരീക്ഷ |
| ഗണിതം | 6. വൃത്തത്തിന്റെ അളവുകൾ | 7. സ്തംഭങ്ങൾ | 8. നിർദേശാങ്കജ്യാമിതി | 9. സ്തൂപികകൾ<br>10. സ്ഥിതിവിവരകണക്ക് | ആവർത്തനം മാതൃകാപരീക്ഷ | പൊതുപരീക്ഷ |
| ഐ.സി.ടി. | 4. കംപ്യൂട്ടർ പ്രവർത്തിപ്പിക്കാം (തുടർച്ച) | 5. കംപ്യൂട്ടർ നെറ്റ്വർക്കുകളും വെബ് അധിഷ്ഠിത സേവനങ്ങളും | 6. ആശയപ്രചരണത്തിനും ആശയവിനിമയത്തിനും ഇന്റർനെറ്റ് | 7. വിഷയപഠനത്തിൽ ഐ.സി.ടി.യുടെ പങ്ക് | ആവർത്തനം മാതൃകാപരീക്ഷ | പൊതുപരീക്ഷ |
| റിമാർക്സ് | ക്ലാസ് ടെസ്റ്റ് | കോ-ഓർഡിനേറ്റർമാരുടെ യോഗം | മിഡ്ടേം പരീക്ഷ | സെന്റർ കോ-ഓർഡിനേറ്റർമാരുടെ യോഗം | ആവർത്തനം മാതൃകാപരീക്ഷ സ്റ്റഡിലീവ് | പൊതുപരീക്ഷ |

# പ്രധാന പ്രവർത്തനങ്ങൾ

| | | |
|---|---|---|
| 2019 | **ജനുവരി** | ക്ലാസ് ആരംഭം/പ്രവേശനോത്സവം<br>ബ്രിഡ്ജ് കോഴ്സ് |
| | **ഫെബ്രുവരി** | ക്ലാസ് തുടർച്ച, ക്ലാസ് ടെസ്റ്റ് |
| | **മാർച്ച്** | ക്ലാസ് തുടർച്ച, ക്ലാസ് ടെസ്റ്റ് |
| | **ഏപ്രിൽ** | സെന്റർ കോ-ഓർഡിനേറ്റർമാരുടെ സംസ്ഥാനതല അവലോകനയോഗം, റിപ്പോർട്ട് സമർപ്പിക്കൽ, ഒന്നാം മിഡ്ടേം പരീക്ഷ |
| | **മെയ്** | ക്ലാസ് തുടർച്ച, ക്ലാസ് ടെസ്റ്റ് |
| | **ജൂൺ** | ക്ലാസ് തുടർച്ച, ക്ലാസ് ടെസ്റ്റ് |
| | **ജൂലൈ** | സെന്റർ കോ-ഓർഡിനേറ്റർമാരുടെ യോഗം<br>ക്ലാസ് ടെസ്റ്റ് |
| | **ആഗസ്റ്റ്** | രണ്ടാം മിഡ്ടേം പരീക്ഷ |
| | **സെപ്തംബർ** | ക്ലാസ് തുടർച്ച<br>പൊതുപരീക്ഷയ്ക്കുള്ള തയാറെടുപ്പ് |
| | **ഒക്ടോബർ** | ക്ലാസ് ടെസ്റ്റ്, സ്റ്റഡിലീവ്, മാതൃകാപരീക്ഷ |
| | **നവംബർ** | ***പൊതുപരീക്ഷ*** |

## മാതൃകാ ടൈംടേബിൾ

| | | | |
|---|---|---|---|
| **ഒന്നാം ഞായർ** | 10.00 – 12.30 ഇംഗ്ലീഷ് | 1.30 – 3.00 ഫിസിക്സ് | 3.00 – 4.30 ഹിന്ദി |
| **രണ്ടാം ശനി** | 10.00 – 12.30 കണക്ക് | 1.30 – 3.00 രസതന്ത്രം | 3.00 – 4.30 ബയോളജി |
| **രണ്ടാം ഞായർ** | 10 – 12.30 സാമൂഹ്യ ശാസ്ത്രം | 1.30 – 3.00 ഐ.ടി. | 3.00 – 5.30 മലയാളം |

## ജില്ലാ സാക്ഷരതാമിഷൻ ഓഫീസുകൾ

| | | |
|---|---|---|
| 1. തിരുവനന്തപുരം | : | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്, പട്ടം.പി.ഒ, തിരുവനന്തപുരം-4. ഫോൺ : 0471-2556740 |
| 2. കൊല്ലം | : | ജില്ലാ സാക്ഷരതാമിഷൻ, തേവള്ളി. പി.ഒ, കൊല്ലം-9 ഫോൺ : 0474-2798020 |
| 3. പത്തനംതിട്ട | : | ജില്ലാ സാക്ഷരതാമിഷൻ, സിവിൽ സ്റ്റേഷൻ പത്തനംതിട്ട. ഫോൺ : 0468-2220799 |
| 4. ആലപ്പുഴ | : | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ് ആലപ്പുഴ. ഫോൺ : 0477-2252095 |
| 5. കോട്ടയം | : | ജില്ലാ സാക്ഷരതാമിഷൻ, വയസ്കരക്കുന്ന്, കോട്ടയം-686 001. ഫോൺ : 0481-2302055 |
| 6. ഇടുക്കി | : | ജില്ലാ സാക്ഷരതാമിഷൻ, കുയിലിമല, പൈനാവ്.പി.ഒ, ഇടുക്കി-685 603. ഫോൺ : 0486-2232294 |
| 7. എറണാകുളം | : | ജില്ലാ സാക്ഷരതാമിഷൻ, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം-682 030. ഫോൺ : 0484-2426596 |
| 8. തൃശ്ശൂർ | : | ജില്ലാ സാക്ഷരതാമിഷൻ, അയ്യന്തോൾ, തൃശ്ശൂർ-3, ഫോൺ : 04874-235024 |
| 9. പാലക്കാട് | : | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്, പാലക്കാട്-678 001. ഫോൺ : 0491-2505179 |
| 10. മലപ്പുറം | : | ജില്ലാ സാക്ഷരതാമിഷൻ, സാക്ഷരതാ ഭവൻ. മലപ്പുറം-676 505. ഫോൺ : 0483-2734670 |
| 11. കോഴിക്കോട് | : | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഭവൻ, കോഴിക്കോട്-20. ഫോൺ : 0495-2370053 |
| 12. വയനാട് | : | ജില്ലാ സാക്ഷരതാമിഷൻ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ, വയനാട്-673 122. ഫോൺ : 0493-6202091 |
| 13. കണ്ണൂർ | : | ജില്ലാ സാക്ഷരതാമിഷൻ, ജില്ലാ പഞ്ചായത്ത് ഓഫീസ്, കണ്ണൂർ-670 002. ഫോൺ : 0497-2707699 |
| 14. കാസറഗോഡ് | : | ജില്ലാ സാക്ഷരതാമിഷൻ, വിദ്യാനഗർ.പി.ഒ, കാസറഗോഡ്-671 123. ഫോൺ : 04994-255507 |